LIBRARY ARCHIVES Kerala Legislative Assembly

അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ-പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവല്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

വനസംബന്ധമായ കേസ്സുകൾ

291 (295) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ വന സംബന്ധമായ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്താകെ വന സംബന്ധമായ 10106 കേസ്സുകൾ നിലവിലുണ്ട്.

(ബി) വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് 2665 കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇടമലക്കുടിയുടെ വികസനത്തിനായി ചെലവഴിച്ച തുക

292 (296) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 2015 മാർച്ച് 31 വരെ ചെലവഴിച്ച തുകയെത്രയെന്നും പ്രസ്തുത തുക എന്തിനെല്ലാം വേണ്ടിയാണ് ചെലവഴിച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഇടമലക്കുടിയുടെ സമഗ്ര വികസന പദ്ധതിയിൽ ലഭിച്ച 6.20 കോടി രൂപയിൽ 2015 മാർച്ച് 31 വരെ 2,55,14,099 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,18,49,943 രൂപ ഇടമലക്കുടിയിലെ ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനും 36,64.156 രൂപ ഇടമലക്കുടി മേഖലയിലേയ്ക്കുള്ള റോഡിന്റെ വികസനത്തിനും വേണ്ടിയാണ് ചെലവഴിച്ചത്.

ആന പരിപാലന മാർഗ്ഗങ്ങളും എഴുന്നള്ളിപ്പിനുള്ള വ്യവസ്ഥകളും

293 (297) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടാനയുടെ ആക്രമണങ്ങളിൽ പാപ്പാന്മാർ ഉൾപ്പെടെയുള്ളവർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ആന എഴുന്നെള്ളിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകളും പരിപാലന മാർഗ്ഗങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇതിന്റെ കാരണങ്ങൾ വനം വകുപ്പ് പരിശോധിക്കുകയും 2012-ലെ നാട്ടാന പരിപാലന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മുൻകരുതലുകൾ പാലിക്കാതിരിക്കുന്നതുമൂലമാണ് അപകടങ്ങൾ സംഭവിക്കുന്നതെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 2002 മുതൽ നാട്ടാന പരിപാലന ചട്ടങ്ങളും ലംഘനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജില്ലാതലത്തിൽ ഉത്സവകാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ദേവസ്വം ബോർഡ് മെമ്പർ, കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി, ആനത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, കേരളാ ഉത്സവ കോർഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്സവകാലത്തിനു മുമ്പായി കമ്മിറ്റി യോഗം ചേർന്ന് ആനകളുടെ ക്ഷേമവും പൊതുജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും നാട്ടാനകളെ

LIBRARY ARCHIVES Kerala Legislative Assembly